**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2149** **30-07-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് മാത്രമാണ് സർക്കാർ നേരിട്ട് ശമ്പള പരിഷ്കരണ ശിപാർശ അംഗീകരിച്ച് നൽകുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12.02.2021 തീയതിയിലെ GO (Ms) 57/2021/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | അടഞ്ഞുകിടക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സഹായം ലഭ്യമാക്കുമോ; | (ബി) | കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാര ഏർപ്പെട്ട ത്തിയ ലോക്ക്ഡൌണിനെ തുടർന്ന് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള, അടഞ്ഞ് കിടക്കുന്നതുൾപ്പെടെ മുഴുവൻ ക്ഷേത്രങ്ങളിലേയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുള്ള ക്ഷേതങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രത്യേക ധനസഹായമായി സർക്കാരിൽ നിന്നും 20 കോടി രൂപയും, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ശമ്പളച്ചിലവിനായി 8 കോടി 20 ലക്ഷം രൂപയും ക്ഷേമനിധി ബോർഡ് വഴിയുള്ള ആശ്വാസ ധനസഹായം നൽകുന്നതിന് 1 കോടി രൂപയും മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം ലഭിക്കാത്ത ക്ഷേത്രങ്ങൾക്ക് 2020 ലെ ഓണം ഉത്സവ ബത്ത അനുവദിക്കുന്നതിന് 61 ലക്ഷം രൂപയും ചേർത്ത് 9 കോടി 81 ലക്ഷം രൂപ ഇതിനകം തന്നെ ചിലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം എംപ്ലോയീസ് കോൺഗ്രസ്സ് നൽകിയ നിവേദനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ശിപാർശ തയ്യാറാക്കുന്നതിന് മുമ്പായി, ടി ആവശ്യത്തിന് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് ചെയർമാനായി രൂപീകരിച്ച സബ്കമ്മിറ്റി, മലബാർ ദേവസ്വം എംപ്ലോയീസ് കോൺഗ്രസ് ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരുടെ വിവിധ സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുള്ളതായും പ്രസ്തുത സംഘടനകൾ നൽകിയ നിവേദനങ്ങൾ മുഖവിലയ്ക്കെടുത്തിട്ടുള്ളതായും കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | മലബാറിലെ ദേവസ്വത്തിന് കീഴിലുള്ള അയ്യായിരത്തോളം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത അവസരത്തിൽ ദുരിതാശ്വാസമായി സഹായധനം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രേങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് -19 മഹാമാരിക്കാലത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്, സർക്കാരിൽനിന്നും പ്രത്യേക ധനസഹായമായി 20 കോടി രൂപയും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇതു കൂടാതെ വിവിധ ഘട്ടങ്ങളിലായി മലബാർ ദേവസ്വം ഫണ്ടിൽ നിന്നും 9 കോടി 81 ലക്ഷം രൂപയും പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ക്ഷേത്രത്തിൽ വരുമാനമില്ലാത്തതു കാരണം, ശമ്പളം കൈപ്പറ്റാൻ നിർവാഹമില്ലാത്ത മുഴുവൻ ക്ഷേത്രജീവനക്കാർക്കും ശമ്പള ധനസഹായം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ